"ഭരണഭാഷ മാതൃഭാഷ"

WCD/AC1-9515/18

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 01.12.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാതല ഓഡിറ്റ് മേധാവികൾക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - ഓഡിറ്റ് സെൽ - കീഴ്ക്കാര്യാലയങ്ങളിലെ ആഭ്യന്തര പരിശോധന - സമയബന്ധിതമായി പൂർത്തിയാക്കുന്നത് - റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന: സ്പെഷ്യൽ സെക്രട്ടറി ധനകാര്യ (ആഭ്യന്തര പരിശോധനാവിഭാഗം-എ) വകുപ്പിന്റെ 09.11.2020 ലെ 68/2020/ധന നമ്പരായുള്ള പരിപത്രം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിനു കീഴിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ആഭ്യന്തര പരിശോധനാ സംഘം നടപ്പ് സാമ്പത്തിക വർഷം (2020-21) പരിശോധന നടത്തിയ ഓഫീസുകളുടെയും ഇനിയും പരിശോധന നടത്താനുദ്ദേശിക്കുന്ന ഓഫീസുകൾ സംബന്ധിച്ച വിവരവും, സമയക്രമവും സർക്കാർ പരിപത്രം നമ്പർ 79/2019/ധന. തീയതി. 19.09.2019 ലെ ഖണ്ഡിക II പ്രകാരം നിശ്ചിത മാതൃകയിൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ജില്ലയിലെ വകുപ്പിനു കീഴിൽ വരുന്ന കാര്യാലയങ്ങളിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ DDO മാരായ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് മുൻഗണനാക്രമത്തിൽ ആഡിറ്റ് നടത്തുന്നതിനായി കൃത്യമായ ആഡിറ്റ് ഷെഡ്യൂൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കി ജില്ലാതല ആഡിറ്റ് ഓഫീസർമാർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ മുഖാന്തിരം 2020 ഡിസംബർ 15 നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലയിലെ ആഡിറ്റ് ടി ഷെഡ്യൂൾ പ്രകാരം തന്നെ പൂർത്തീകരിക്കുന്നു എന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഉറപ്പു വരുത്തുകയും, ആഡിറ്റ് തീയതി മുതൽ 7 ദിവസത്തിനകം ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ഓഡിറ്റ് ഓഫീസർ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുള്ള ആഡിറ്റ് തടസ്സങ്ങൾ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലനിൽക്കുന്നതാണെന്നുറപ്പുവരുത്തി 7 ദിവസത്തിനകം 2 പകർപ്പ് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ആഡിറ്റ് നടപടികൾ കൊവിഡ് നിയന്ത്രണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു നടത്തുന്നതിന് ശ്രദ്ധിക്കണമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**വിശ്വസ്തതയോടെ,**

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

എല്ലാ കാര്യാലയ മേധാവികൾക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ഐ.റ്റി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ